# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 124 26.02.2018-ൽ മറുപടിക്ക്**

**<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും വർദ്ധിക്കുന്നത് മൂലം അരക്ഷിതാവസ്ഥ സംജാതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലയിൽ മാത്രം പത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നതിൽ ആഭ്യന്തരവകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) ആഭ്യന്തര വകുപ്പിന് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ്സ് ബ്ലോക്ക് സെക്രട്ടറി എടയന്നൂർ, സ്കൂൾ പറമ്പിൽ എ.സി.പി. ഷുഹൈബ് കൊലചെയ്യപ്പെട്ട സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഈ പ്രതികൾക്കെതിരെ UAPA ചുമത്തിയിട്ടുണ്ടോ ;<br>(ഡി) ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണ് പ്രതികൾ എന്ന് വെളിപ്പെടുത്തുമോ ; | (സി)യും (ഡി)യും 26.02.2018 വരെ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. |

| | | | |
|---|---|---|---|
| (ഇ) | കണ്ണൂർ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഭരണകക്ഷിയുടെ അനുയായികൾ ഉൾപ്പെടുന്നത് അവർക്ക് രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതിനാലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഷുഹൈബിന് വധഭീഷണി ഉണ്ടായിരുന്ന സാഹചര്യത്തിൽ സുരക്ഷായൊരുക്കുന്നതിൽ ഉണ്ടായ വീഴ്ച അദ്ദേഹത്തിന്റെ ജീവൻ നഷ്ടമാകുന്നതിന് ഇടയാക്കിയിട്ടുണ്ടോ ; | (എഫ്) | വധഭീഷണി ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രശ്നബാധിത പ്രദേശങ്ങളിൽ പോലീസ് കർശനമായി പട്രോളിംഗ് നടത്തിവന്നിട്ടുള്ളതാണ്. |
| (ജി) | രാഷ്ട്രീയകൊലപാതകങ്ങൾക്ക് അറുതിവരുത്തുവാൻ, കൊലയാളികൾക്ക് രാഷ്ട്രീയസംരക്ഷണം നൽകുന്ന ഉന്നതരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ജി) | കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**